# മധുരമായ കുട്ടികളേ - യോഗബലത്തിലൂടെ നഷ്ടത്തിന്റെ കണക്കുകളെ സമാപ്തമാക്കൂ, സുഖത്തിന്റെ സമ്പാദ്യം ശേഖരിയ്ക്കൂ, വ്യാപാരിയായി തന്റെ പൂർണ്ണ കണക്ക് വെക്കൂ.

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ബാബയോട് എന്തു പ്രതിജ്ഞയാണ് ചെയ്തിരിക്കുന്നത്, ആ പ്രതിജ്ഞയെ നിറവേറ്റാനുള്ള സഹജമായ സാധന എന്താണ്?

**ഉത്തരം:-** നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുണ്ട് - എന്റേത് ഒരു ശിവബാബ രണ്ടാമതാരും തന്നെയില്ല... ഭക്തിയിലും പറഞ്ഞിരുന്നു - ബാബാ, അങ്ങ് വരുമ്പോൾ ഞങ്ങൾ മറ്റെല്ലാ കൂട്ടകെട്ടുകളും ത്യജിച്ച് അങ്ങയുമായി എല്ലാ ബന്ധങ്ങളും വെയ്ക്കും. ഇപ്പോൾ ബാബ പറയുകയാണ്, കുട്ടികളേ, ദേഹമുൾപ്പെടെ ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളും ബുദ്ധികൊണ്ട് ത്യജിച്ച്, എന്നെ ഓർമ്മിക്കൂ. ഈ പഴയ ശരീരത്തിൽ നിന്നും ബുദ്ധി അകറ്റൂ, എന്നാൽ ഇതിൽ പരിശ്രമം ആവശ്യമാണ്. ഈ പ്രതിജ്ഞയെ നിറവേറ്റുന്നതിന് അതി രാവിലെ എഴുന്നേറ്റ് സ്വയത്തോട് സംസാരിക്കൂ, കൂടാതെ ചിന്തിക്കൂ - ഈ നാടകം ഇപ്പോൾ പൂർത്തിയാകുകയാണ്.

**ഗീതം:-** ആകാശ സിംഹാസനത്തെ ഉപേക്ഷിച്ചാലും.....

**ഓം ശാന്തി**. കുട്ടികൾ വിളിക്കുകയാണ്, പരംധാമത്തിൽ നിന്ന് വരൂ. ഈ പാട്ട് പതിത മനുഷ്യർ രചിച്ചതാണ്. അവർക്ക് സ്വയം ഇതിന്റെ അർത്ഥമറിയുകയില്ല. വിളിക്കുന്നുമുണ്ട് പതിതരെ പാവനമാക്കുന്നവനേ വരൂ, എന്തുകൊണ്ടെന്നാൽ രാവണരാജ്യമാണ്. ഇതും കുട്ടികൾക്കറിയാം ഭാരതത്തിൽ ശ്രേഷ്ഠ ദൈവീക രാജ്യമായിരുന്നു. നിങ്ങളിപ്പോൾ ശ്രേഷ്ഠാചാരിയായി മാറുന്നതിന് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് കുട്ടികളേ നിങ്ങൾക്കിപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം. പഴയ പാപക്കണക്കുകളെ സമാപ്തമാക്കണം. വ്യാപാരികൾ എല്ലാ വർഷവും അവരുടെ കണക്കുകൾ അവസാനിപ്പിക്കാറുണ്ട്. ലാഭ-നഷ്ടങ്ങളുടെ കണക്കെടുക്കുന്നു. നിങ്ങൾ കുട്ടികളിപ്പോൾ മനസ്സിലാക്കുകയാണ് ഭാരതത്തിൽ നാം അരക്കല്പം ലാഭത്തിലും അരക്കല്പം നഷ്ടത്തിലും പോകുന്നു, അതായത് അരക്കല്പം സുഖവും അരക്കല്പം ദുഃഖവുമനുഭവിക്കുന്നു. അതിലും ദുഃഖം വളരെ കുറച്ചു മാത്രമേയുള്ളൂ എപ്പോഴാണോ തമോപ്രധാന അവസ്ഥയാകുന്നത്, വ്യഭിചാരി ഭക്തിയിൽ പോകുന്നത്. ബാബയിരുന്ന് കുട്ടികൾക്ക് പറഞ്ഞുതരികയാണ്, നിങ്ങൾക്കിപ്പോൾ ലാഭത്തിൽ പോകണം. നഷ്ടത്തിന്റെ കണക്കുകളെ യോഗശക്തികൊണ്ട് അവസാനിപ്പിക്കണം, നിങ്ങളുടെ പാപക്കണക്കുകളെ ഇപ്പോൾ അവസാനിപ്പിക്കണം, സുഖത്തിന്റെ ശേഖരണവും ചെയ്യണം. നിങ്ങൾ എന്നെ എത്രയും ഓർക്കുന്നുവോ അത്രയും പാപം ഭസ്മമാകുകയും, പവിത്രമായി മാറി ഗീതാജ്ഞാനം ധാരണ ചെയ്യാനും കഴിയുന്നു. ഇവിടെ (ലോകത്തിൽ) ഗീതാശാസ്ത്രമൊന്നുമല്ല കേൾപ്പിക്കുന്നത്. ഈ ഗീതാജ്ഞാനം ഭഗവാനാണ് നൽകുന്നത്. ഈ സമയത്ത് മനുഷ്യരുടെ ബുദ്ധി തമോപ്രധാനമാകുക കാരണം ബാബയെ അറിയുന്നേയില്ല, അതുകൊണ്ട് അവരെ അനാഥർ എന്നു പറയുന്നു. നിങ്ങൾ കുട്ടികൾ മനസ്സിലാക്കിക്കൊടുക്കുന്നു, ഭാരതം പുണ്യാത്മാക്കളുടെ, ശ്രേഷ്ഠാചാരികളുടെ ലോകമായിരുന്നു, അവരുടെ ചിത്രങ്ങളുമുണ്ട്. ഭാരതം സത്യയുഗ തുടക്കത്തിൽ വളരെ സമ്പന്നമായിരുന്നു, പിന്നീട് ഇസ്ലാം ധർമ്മം, ബുദ്ധധർമ്മം മുതലായവ ആരംഭിച്ചു, ആരംഭത്തിൽ അവർ വളരെ കുറച്ചു മാത്രമായിരുന്നു. ധർമ്മ സ്ഥാപകർ വന്നു, ആ ധർമ്മത്തിൽപ്പെട്ട ആത്മാക്കൾ വരാൻ തുടങ്ങി. അവരൊന്നും രാജ്യപദവിയിൽ വരുന്നില്ല. എപ്പോഴാണോ ലക്ഷങ്ങളുടെയും കോടികളുടെയും കണക്കിൽ ആത്മാക്കൾ ഇവിടെ എത്തുന്നത് അപ്പോൾ മാത്രമാണ് രാജാവ്-റാണി മുതലായവർ ഉണ്ടാകുന്നത്. ഇവിടെ നിങ്ങളുടെയാണെങ്കിൽ തുടക്കം മുതലേ രാജാ-റാണികളുണ്ടാകുന്നു. സത്യയുഗ തുടക്കത്തിൽ ലക്ഷ്മീ-നാരായണന്മാരുടെ രാജ്യമായിരുന്നു - ഭാരതം വളരെ ഉയർന്നതും ശ്രേഷ്ഠവുമായിരുന്നു. ഉയർന്നതിലും ഉയർന്നതായി ഭഗവാനെയാണ് വാഴ്ത്തപ്പെടുന്നത്. ഭഗവാനെത്തന്നെയാണ് സത്യമെന്നു പറയുന്നത്. അദ്ദേഹം വന്ന് സത്യമായ ജ്ഞാനം നൽകുന്നു, ബാക്കിയെല്ലാവരും ഭഗവാനെക്കുറിച്ച് പറയുന്നത് അസത്യമാണ്. എല്ലാവരും - ഓ, ഗോഡ് ഫാദർ എന്ന് ഈശ്വരനെ വിളിക്കുന്നു. എന്നാൽ ഫാദറിനെ ആരും അറിയുന്നില്ല. നിങ്ങളെപ്പോഴെങ്കിലും ലൗകിക പിതാവിനെക്കുറിച്ച് ആരോടെങ്കിലും ചോദിച്ചാൽ സർവ്വവ്യാപിയാണെന്ന് പറയുമോ. അച്ഛൻ അർത്ഥം അച്ഛൻ. അച്ഛനിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് - ഞാൻ പരിധിയില്ലാത്ത രചയിതാവാണ്. എന്നെ വിളിക്കുന്നതു തന്നെ പതിത ലോകത്തിലേക്കാണ്. പ്രളയമൊന്നും ഉണ്ടാകുന്നില്ല.

ഇത് മുഴുവനും പതിതമായ ലോകമാണ്. എനിക്ക് നിങ്ങൾ കുട്ടികൾക്കു വേണ്ടി ഇവിടെ വരേണ്ടിയിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കുതന്നെയാണ് പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. മനുഷ്യർ ഗുരു മുതലായവരെ സ്വീകരിക്കുന്നു – ശാന്തിക്കുവേണ്ടി. എന്നാൽ അതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെയാണ്, അവിടെ ഹഠയോഗം മുതലായവ പഠിപ്പിക്കുന്നു. അവരിൽ നിന്നൊന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുകയില്ല. ഗുരുവിനെ സ്വീകരിക്കുന്നു, അവരിൽ നിന്നും അല്പകാല സുഖം ലഭിക്കുന്നു. അവരെല്ലാവരും പരിധിയുള്ള സുഖം നൽകുന്നവരാണ്. പരിധിയില്ലാത്ത അച്ഛനാണ് പരിധിയില്ലാത്ത സുഖം നൽകുന്നത്. ബാബ മുക്തിയുടേയും ജീവൻമുക്തിയുടേയും സമ്മാനം കൊണ്ടുവരികയാണ്. സത്യയുഗത്തിൽ ഒരേയയൊരു ധർമ്മമേയുണ്ടാകുകയുള്ളൂ. ഇവിടെ എത്ര ധർമ്മങ്ങളാണുള്ളത്, വൃദ്ധി പ്രാപിച്ചുകൊണ്ടേയിരിക്കുകയാണ്. ഇപ്പോൾ ഈ ആത്മാക്കളെല്ലാം തിരിച്ച് ശാന്തി ധാമിലേക്ക് പോകും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ബാബയാണ് മുഴുവൻ സൃഷ്ടിയുടേയും ബീജരൂപം, അദ്ദേഹത്തിന്റെ പക്കൽ മുഴുവൻ ജ്ഞാനവുമുണ്ട്. സർവ്വവ്യാപിയെന്നു പറയുമ്പോൾ ജ്ഞാനത്തിന്റേയോ ഭക്തിയുടെയോ ഒരു കാര്യവും വരുന്നില്ല. ഭഗവാൻ സർവ്വവ്യാപിയാണെങ്കിൽ ഭഗവാനെ ഭക്തി ചെയ്യേണ്ട ആവശ്യമെന്താണ്? ഭക്തി ചെയ്യുന്നു, പക്ഷെ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. കല്ലിന്റെയും മണ്ണിന്റെയും ഭക്തി ചെയ്തുകൊണ്ടേയിരിക്കുന്നു. ഗംഗയിൽ സ്നാനം ചെയ്യുന്നതിന് എത്ര പേരാണ് പോകുന്നത്. അത് പതിത–പാവനിയാണെങ്കിൽ എല്ലാവരും പാവനമാകേണ്ടിയിരുന്നു. മുക്തി–ജീവൻ മുക്തിധാമിൽ പോകേണ്ടിയിരുന്നു. എന്നാൽ ആരും തന്നെ പോകുന്നില്ല. ഒരു ഗുരു തിരിച്ചു പോയിയെങ്കിൽ മറ്റു അനുയായികളെയും കൊണ്ടുപോകണമല്ലോ. എന്നാൽ സ്വയവും പോകുന്നില്ല, അനുയായികളോട് ഒന്നും പറയാനും കഴിയുകയില്ല. വളരെയധികം ദേഹാഭിമാനമുണ്ട്. ഞാൻ പരംപിതാ പരമാത്മാവാണ്, നിങ്ങൾ സർവ്വ ആത്മാക്കളുടേയും പിതാവാണ് എന്ന് ആർക്കും പറയാൻ കഴിയുകയില്ല. നിങ്ങളെ തിരികെ കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. ഇതിന് ബാബയ്ക്കു മാത്രമേ അധികാരമുള്ളൂ. ഇപ്പോൾ ഈ പഴയ ലോകത്തെ വിടുക തന്നെ വേണം, ഇതിന് യോഗബലം അത്യാവശ്യമാണ്. തെറ്റുകൾ ചെയ്താൽ പദവി ലഭിക്കുകയില്ല.

നിങ്ങൾ കുട്ടികൾക്കറിയാം ബാബ നമ്മെ സ്വർഗ്ഗത്തിന്ന് യോഗ്യരാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഏതു കുട്ടികളാണോ യോഗ്യരായി മാറാത്തത്, അവർ പാപ്പരാകുന്നു. കല്പ–കല്പം നിങ്ങളക്ക് 100% സമ്പന്നരായി മാറണം. പിന്നീട് രാവണൻ നിങ്ങളെ പാപ്പരാക്കിമാറ്റുന്നു. മനസ്സിലാക്കുന്നുമുണ്ട് ഇതു ശരിയാണ്, ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്, സത്യയുഗത്തിന്റെ തുടക്കമാണ്. നോക്കൂ, ഒരു കെട്ടിടത്തിന്റെ ആയുസ്സ് 100 വർഷമാണെങ്കിൽ, 25 വർഷം കഴിഞ്ഞാൽ കാൽ ഭാഗം പഴയതായി. 50 വർഷം കഴിഞ്ഞാൽ, പഴയതായിയെന്നു പറയും. ഇവിടെയും നാല് ഭാഗമായി കാണിച്ചിരിക്കുന്നു. സതോ, രജോ, തമോ, പിന്നീട് ഈ പഴയ ലോകത്തിൽ നിന്ന് പുതിയതുണ്ടാകും. അതായത് മുഴുവൻ ലോകത്തിനും പുതിയ ജന്മം ലഭിക്കുന്നു. ഇത് പഴയ ലോകമാണ്. ബാബ പറയുകയാണ് ഞാൻ ഇപ്പോൾ ലോകത്തെ പുതിയതാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ലോകം പഴയതിൽ നിന്ന് പുതിയതായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ രാജയോഗം പഠിക്കുവാൻ വന്നിരിക്കുകയാണ്. നിങ്ങളും മനസ്സിലാക്കുന്നു, ഈ ഡ്രാമയിൽ നാം പാർട്ടഭിനയിക്കുന്നവരാണ്. നാം ആത്മാക്കൾ ശരീരമെടുത്ത് പാർട്ടഭിനയിക്കാൻ ഇവിടെ എത്തിയിരിക്കുകയാണ്. ഇത് ലോകത്തിൽ ആർക്കും തന്നെ അറിയുകയില്ല. സ്വയം ആത്മാവാണെന്നു മനസ്സിലാക്കിയാൽ, രചയിതാവിനെയും സംവിധായകനെയും മനസ്സിലാക്കാൻ കഴിയും. ഇത് കർമ്മക്ഷേത്രമാണെന്ന് മാത്രം പറയുന്നു. എന്നൽ എപ്പോഴാണ് ഈ നാടകം തുടങ്ങിയത്, ആരാണ് ഇതിന്റെ രചയിതാവ്, ഇതൊന്നും തന്നെ അറിയുകയില്ല. മനഷ്യരുതന്നെയാണല്ലോ മനസ്സിലാക്കേണ്ടത്. അല്ലാതെ അന്യോന്യം വഴക്കടിക്കുകയെന്നത് അനാഥരുടെ പണിയാണ്. ദേവതകളെ അനാഥർ എന്ന് പറയുകയില്ല. അവിടെ യാതൊരുതരത്തിലുള്ള വഴക്കുകളുമുണ്ടാകുകയില്ല. ഇവിടെയാണെങ്കിൽ, കുട്ടികൾ അച്ഛനേയും വധിക്കുന്നു. എല്ലാവരും പതിത ഭ്രഷ്ടാചാരികളാണ്, അതുകൊണ്ട് ദുഃഖം നൽകിക്കൊണ്ടിരിക്കുകയാണ്. അരക്കല്പം സമ്പൂർണ്ണ നിർവികാരി ദേവതകളുടെ രാജ്യമായിരുന്നു. ഇപ്പോഴാണെങ്കിൽ ഒരാൾപോലും സമ്പൂർണ്ണ നിർവികാരിയല്ല. ഇപ്പോൾ ബാബ നിങ്ങൾക്ക് ശ്രീമത്ത് നൽകുകയാണ്, ഈ പഴയലോകം അവസാനിക്കാൻ പോകുകയാണ്. ഞാൻ പുതിയ ലോകം സ്ഥാപിക്കാൻ വേണ്ടി വന്നിരിക്കുകയാണ്. നിങ്ങൾ പ്രതിജ്ഞയും ചെയ്യുന്നു, ബാബാ, അങ്ങ് വന്നാൽ ഞങ്ങൾ എല്ലാകൂട്ടുകെട്ടുകളും വിട്ട് അങ്ങയുടെ കൂടെയിരിക്കും. എനിക്ക് ഒരു ശിവബാബയല്ലാതെ വേറെ ആരും തന്നെയില്ല. ഇപ്പോൾ ബാബ പറയുകയാണ്, കുട്ടികളേ, ദേഹസഹിതം സർവ്വ സംബന്ധങ്ങളെയും ത്യജിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. ഇതിനു തന്നെയാണ് പരിശ്രമത്തിന്റെ ആവശ്യം – അപ്പോൾ കുട്ടികൾ പറയുന്നു, ബാബാ ഞങ്ങൾ മനസ്സിലാക്കുന്നു ഈ മിത്ര സംബന്ധികളെല്ലാം തന്നെ മരിച്ചു കഴിഞ്ഞു. ഈ ശരീരവും നശിക്കും, പഴയതാണ്. ഇപ്പോൾ ഞങ്ങൾ പഴയ ശരീരം വിട്ട് പുതിയതിലേക്ക് പോകും. പഴയ ശരീരത്തിൽ നിന്ന് മനസ്സ് അക

ലുന്നു. നമ്മളിപ്പോഴിതാ പോയിക്കഴിഞ്ഞു. ഈ പഴയ ലോകം ചാമ്പലാകാൻ പോകുകയാണ്. ബാബ പറയുകയാണ് അതി രാവിലെ എഴുന്നേറ്റ് ഇങ്ങിനെ ചിന്തിക്കൂ, ഇപ്പോൾ നാടകം അവസാനിക്കുകയാണ്, നമുക്ക് തിരിച്ചു പോകണം. ഇപ്പോൾ ഒരേയൊരു ബാബയുടെ ശ്രീമത പ്രകാരം നടക്കണം, പുതിയ ലോകത്തിലേയ്ക്ക് പോകണം അതുകൊണ്ട് ജീവിച്ചിരിക്കേ സർവ്വതിൽ നിന്നും ബുദ്ധിയോഗം അകറ്റി ഒരു ബാബയുമായി യോജിപ്പിക്കണം, ഇതിൽ വളരെയധികം അഭ്യാസം ആവശ്യമാണ്. അഭ്യാസത്തിനു വേണ്ടിത്തന്നെയാണ് ബാബ പറയുന്നത് അതി രാവിലെ എഴുന്നേൽക്കൂ. ബാബയുടെ ഓർമ്മയിൽ നിങ്ങൾ എത്രതന്നെ നടന്നാലും, ഒരിക്കലും ക്ഷീണിക്കുകയില്ല. യോഗബലത്തിന്റെ സന്തോഷമുണ്ടായിരിക്കും. ഓർമ്മയിലിരിക്കുന്നതിന്റെ അഭ്യാസമുണ്ടെങ്കിൽ എവിടെ ഇരുന്നാലും ഓർമ്മ വരും. ഭക്ഷണം കഴിക്കുമ്പോഴും ഓർമ്മയിലിരിക്കണം. അനാവശ്യമായി സംസാരിക്കരുത്. ബാബയുടെ ഓർമ്മയിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. പിന്നീട് അന്തിമ സമയത്തെ സങ്കല്പത്തിനനുസരിച്ചുള്ള ഗതിയുണ്ടാകും. ഇപ്പോൾ തിരികെപ്പോകണം. സർവ്വരുടേയും സത്ഗതി ദാതാവ്, സർവ്വരേയും ശ്രേഷ്ഠാചാരിയാക്കി മാറ്റുന്നവൻ, ശാന്തിയുടെ ദേശത്തേയ്ക്ക് കൊണ്ടുപോകുന്നവൻ ഒരേയൊരു ബാബയാണ്. ജന്മ-ജന്മം നിങ്ങൾക്ക് അച്ഛൻ, ടീച്ചർ, ഗുരു എന്നിവരെ ലഭിച്ചു, പക്ഷെ അവരെല്ലാം ശരീരധാരികളായിരുന്നു. ആരും തന്നെ ദേഹീയഭിമാനിയാകാൻ പഠിപ്പിച്ചിരുന്നില്ല. ഇവിടെ പരിധിയില്ലാത്ത അച്ഛൻ ജ്ഞാന സാഗരനാണ്. ഓരോ ആത്മാക്കളിലും സംസ്ക്കാരങ്ങൾ നിറഞ്ഞിരിക്കുന്നുണ്ട്. ശരീരം ധാരണ ചെയ്യുമ്പോൾ ആ സംസ്ക്കാരങ്ങൾ പുറത്തു വരുന്നു. ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ ഡ്രാമയുടേയും ജ്ഞാനമുണ്ട്, ബാക്കിയുള്ളവരെല്ലാം തന്നെ ഘോരമായ ഇരുട്ടിലാണ്. പാടപ്പെട്ടിട്ടുമുണ്ട്, ജ്ഞാന അഞ്ജനം സത്ഗുരു നൽകിയെന്ന്. ജ്ഞാന അഞ്ജനം നൽകുന്നവൻ ജ്ഞാനസൂര്യനായ ബാബയാണ്. സത്യയുഗത്തെ പകലെന്നും, കലിയുഗത്തെ രാത്രിയെന്നും പറയപ്പെടുന്നു. ആത്മാക്കൾ ആ നിരാകാര ബാബയെയാണ് ഓർമ്മിക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ്, ഞാൻ നിങ്ങൾ കുട്ടികൾക്ക് ബ്രഹ്മാമുഖത്തിലൂടെ കല്പം മുന്നത്തെപ്പോലെ, സർവ്വ ശാസ്ത്രങ്ങളുടേയും രഹസ്യം മനസ്സിലാക്കിത്തരുന്നു. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്, ഇത് അരക്കല്പമായി നടന്നു വരുന്നു. മനുഷ്യർ പറയുകയാണ് ഇതെല്ലാം പരമ്പരകളായി നടന്നു വരുന്നുവെന്ന്. രാവണനെയും പരമ്പരയായി കത്തിച്ചു വരുന്നു എന്നാണ് പറയുന്നത്. ഏതെല്ലാം ഉത്സവങ്ങളാണോ ആഘോഷിക്കുന്നത്, പറയുകയാണ് എല്ലാം തന്നെ പലമ്പരകളായി നടന്നുകൊണ്ടു വരുന്നതാണെന്ന്. പരമ്പര എന്നതിന്റെ അർത്ഥമെന്താണ്? അത് മനസ്സിലാക്കുന്നില്ല. സത്യയുഗത്തിന്റെ ആയുസ്സ് ലക്ഷ-ലക്ഷം വർഷങ്ങളെന്നാണ് എഴുതി വെച്ചിരിക്കുന്നത്, അതുകൊണ്ട് മനുഷ്യർ ഘോരമായ ഇരുട്ടിലാണല്ലോ. ഭക്തി എപ്പോൾ തുടങ്ങി, എപ്പോൾ പാവനമായി, ഒന്നുംതന്നെ അറിയുകയില്ല. പതിതരെ പാവനമാക്കാൻ ഭഗവാൻ എപ്പോൾ വരുന്നു? പറയുന്നു, ക്രിസ്തുവിന് 3000 വർഷം മുന്നെ സ്വർഗ്ഗമായിരുന്നു, എന്നാലും പിന്നെയും അനേക അഭിപ്രായങ്ങളുണ്ടല്ലോ. എത്ര അഭിപ്രായങ്ങളാണ് ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ബാബ വന്ന് ശ്രേഷ്ടം മതം നൽകുകയാണ്. ശ്രീമതം കൊണ്ട് നിങ്ങൾ ശ്രേഷ്ഠ ദേവീ-ദേവതകളായിമാറുന്നു. രുദ്രമാലയുമുണ്ട്. രുദ്രനും നിരാകാരനായ ഭഗവാനാണ്. അദ്ദേഹം തന്നെയാണ് ശ്രീ ശ്രീ. ദേവതകളെ ശ്രീ അഥവാ ശ്രേഷ്ഠമെന്നു പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു ശ്രീ - ശ്രീയിലുടെ ശ്രേഷ്ഠമായ ലോകമുണ്ടകുന്നു. ഈ കാര്യങ്ങളെല്ലാം തന്നെ ഓർമ്മിക്കണം. കല്പം മുന്നെ മനസ്സിലാക്കിയവർ മാത്രമേ ഈകാര്യങ്ങളെല്ലാം മനസ്സിലാക്കുകയുള്ളൂ. ഈ ജ്ഞാനം സർവ്വ ധർമ്മങ്ങൾക്കും വേണ്ടിയുള്ളതാണ്. എല്ലാവരോടും ബാബ പറയുകയാണ് - സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. പരിധിയില്ലാത്ത അച്ഛനിൽ നിന്നും എത്ര സുഖമാണ് ലഭിച്ചകൊണ്ടിരിക്കുന്നത്. പരിധിയില്ലാത്ത അച്ഛൻ വന്ന് ഇത്രയും കുട്ടികളെ ദത്തെടുക്കുന്നു. ഇത് മുഖവംശാവലിയാണല്ലോ. എത്രയധികം ബി.കെ. കളാണ്, ഇവരെല്ലാം ദേവതകളായി മാറുന്നവരാണ്. ഇതാണ് ഈശ്വരീയ കുലം. ദാതാവ് നിരാകാരനാണ്. അദ്ദേഹത്തിന്റെ കുട്ടിയുടെ പേരാണ് പ്രജാപിതാ ബ്രഹ്മാ, ബ്രഹ്മാവിലൂടെയാണ് ദത്തെടുക്കുന്നത്. നിങ്ങൾ ബ്രാഹ്മണരാണ് ശിവബാബയുടെ പരിവാരം, പിന്നീട് വൃദ്ധിപ്രാപിക്കുന്നു. ഇപ്പോഴത്തേത് നിങ്ങളുടെ ഒന്നാമത്തെ തലമുറയാണ്. നിങ്ങൾ സേവനം ചെയ്യുന്നു, എല്ലാവരുടേയും മംഗളം ചെയ്യുന്നു. നിങ്ങളുടെ ജഡ ഓർമ്മചിഹ്നമായ ക്ഷേത്രം വളരെ കൃത്യമായാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ഇവിടെ നിങ്ങൾ ചൈതന്യത്തിലിരിക്കുന്നു. നിങ്ങൾ വീണ്ടും സ്ഥാപന ചെയ്യുകയാണെന്നു മനസ്സിലാക്കുന്നു. ഭക്തിയിൽ നമ്മുടെ ഓർമ്മയ്ക്കായി ക്ഷേത്രമുണ്ടാക്കപ്പെടും. ശിവബാബയില്ലായിരുന്നെങ്കിൽ നിങ്ങൾ എവിടെയായിരുന്നേനേ. ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാർ എവിടെയാണ്? ഇപ്പോൾ ശിവബാബ രചന രചിച്ചുകൊണ്ടിരിക്കുകയാണല്ലോ. പ്രജാപിതാ ബ്രഹ്മാവിന്റെ ചിത്രം വേറെയുണ്ടാകേണ്ടതാണ്. ത്രിമൂർത്തി ബ്രഹ്മാവെന്നു പറയുന്നു, പക്ഷെ ഇതിന് ഒരർത്ഥവുമില്ല.

നിങ്ങൾ കുട്ടികൾക്കറിയാം - പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ശിവബാബയാണ്. ശിവബാബ സ്വയം രാജയോഗം പഠി

പ്പിക്കുകയാണ്.  ജ്ഞാനം നൽകുകയാണെങ്കിൽ അത് ധാരണ ചെയ്യേണ്ടതുണ്ട്, ഇതിൽ ഒന്നാമത്തേത് പവിത്രതയാണ്.  ധൈര്യവും കാണിക്കണം.  ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന് പവിത്രമായി കാണിക്കണം. ചില കുട്ടികളെ രക്ഷിക്കുന്നതിനു വേണ്ടിയും സ്വയംവരം ചെയ്യുന്നു, ഇതിനെ ഗാന്ധർവ്വിക വിവാഹ മെന്നു പറയുന്നു.  എന്നാൽ ഇതിൽ പലരും തോറ്റുപോകുന്നു. വിവാഹം കഴിച്ചും പവിത്രമായിരിക്കു ന്നവരുമുണ്ട്.  പവിത്രമായിരുന്ന് ജ്ഞാനവുമെടുക്കണം.  ധാരണ ചെയ്ത്, മറ്റുള്ളവരെയും തനിക്കു സമാ നമാക്കി മാറ്റണം, അപ്പോൾ ഉയർന്ന പദവി പ്രാപ്തമാക്കും.  ഈ ജ്ഞാനയജ്ഞത്തിൽ വളരെ വിഘ്ന ങ്ങളും വരുന്നു.  ഇതെല്ലാം ഉണ്ടാകുക തന്നെ ചെയ്യും, ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്.  ചില കുട്ടികൾ പറയുകയാണ് – ഞങ്ങൾക്കെന്തിനാണ് ധനം, ഇതിനെക്കാളും നല്ലത് പാത്രം കഴുകിക്കൊടുത്ത് ഭക്ഷണം കഴിക്കുകയാണ്, പവിത്രമായിരിക്കാമല്ലോ.  എന്നാൽ ഇതിന് നല്ല ധൈര്യം വേണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ഭക്ഷണം കഴിക്കുന്ന സമയത്ത് ബാബയുടെ ഓർമ്മയിലിരിക്കണം, അനാവശ്യ സംഭാഷണങ്ങളിലേർപ്പെ ടരുത്. ഓർമ്മയിലൂടെ പാപങ്ങളുടെ കണക്ക് സമാപ്തമാക്കണം.

2) പകൽ സമയം ശരീര നിർവ്വഹണാർത്ഥം കർമ്മം ചെയ്ത്, രാത്രിയിലുണർന്നിരുന്ന് സ്വയത്താട് സംസാ രിക്കണം.  ഓർമ്മയിലുണ്ടായിരിക്കണം ഇപ്പോൾ ഈ നാടകം പൂർത്തിയായി, നാം തിരിച്ചു പോകുകയാ ണ്, അതുകൊണ്ട് ജീവിച്ചിരിക്കേ മമത്വത്തെ ഇല്ലാതാക്കണം.

## വരദാനം:– ഡബിൾ ലഹരി സ്ഥിതിയിലൂടെ സദാ നിർവ്വിഘ്നമാകുകയും ആക്കുകയും ചെയ്യുന്ന വിശ്വ പരിവർത്തകനായി ഭവിക്കൂ

"അധികാരിയും ബാലകനുമാണ്" – എപ്പോൾ ആഗ്രഹിക്കുന്നോ അധികാരിയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ എപ്പോൾ ആഗ്രഹിക്കുന്നോ ബാലകന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ, ഈ ഡബിൾ ലഹരി സദാ നിർവ്വിഘ്നമാക്കി മാറ്റുന്നതാണ്. ഇങ്ങനെയുള്ള ആത്മാക്കളുടെ ടൈറ്റിലാണ് വിഘ്ന–വിനാശകൻ. എന്നാൽ കേവലം സ്വയത്തെ പ്രതി മാത്രമല്ല നിർവ്വിഘ്നം, മുഴുവൻ വിശ്വത്തിനും വിഘ്ന–വിനാശകൻ, വിശ്വ പരിവർത്തകനായിരിക്കണം. ആരാണോ സ്വയം ശക്തിശാലിയായി കഴിയുന്നത് അവരുടെ മുന്നിൽ വിഘ്നം സ്വതവേ ദുർബലമാകുന്നു.

## സ്ലോഗൻ:– തന്റെ ഡബിൾ ലൈറ്റ് സ്വരൂപത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ എല്ലാ ഭാരങ്ങളും സമാപ്തമാകും.